# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 743 08.03.2012 - ൽ മറുപടിക്ക്

## കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | ജലവിതരണ പദ്ധതികളിൽ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം വിതരണ ശൃംഖലകളിൽ സ്ഥാപിച്ചിട്ടുള്ള വാൽവുകൾ നിയന്ത്രിച്ചു എല്ലാ സ്ഥലങ്ങളിലും ലഭ്യത ഉറപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. കൂടാതെ പമ്പുസെറ്റുകളുടെയും മറ്റ് ഘടകങ്ങളുടെയും അറ്റകുറ്റപണികൾ യഥാസമയം നടത്തി ജലവിതരണം തടസ്സപ്പെടാതെ നോക്കാറുണ്ട്. ഇതിനു പുറമേ നിലവിലുള്ള പദ്ധതികളിൽ നിന്നും വിതരണ ശൃംഖല ദീർഘിപ്പിച്ചു ശുദ്ധ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾ എം.എൽ.എ ഫണ്ട്, എം.പി ഫണ്ട് എന്നിവയുപയോഗിച്ചുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരള ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കുന്ന വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിയ്ക്കാനുള്ള ശ്രമങ്ങളും നടത്തി വരുന്നുണ്ട്. |
| (ബി) | നദികളിൽ നിന്നുള്ള ശുദ്ധജലലഭ്യതയ്ക്ക് മണൽ വാരൽ മൂലം കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നദികൾ മലിനമാകാതിരിക്കുന്നതിന് ഏതെല്ലാം കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) | നദികളുടെ മലിനീകരണം സംബന്ധിച്ചുള്ള കാര്യങ്ങളിൽ നടപടികളെടുക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡിനുമാണ്. എന്നാൽ കുടിവെള്ള സ്രോതസ്സുകളിലെ മാലിന്യം ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ മലിനീകരണം സംബന്ധിച്ച വിവരം ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ അറിയിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കുടിവെള്ളത്തിന്റെ സംഭരണികൾ എല്ലാ വർഷങ്ങളിലും പരി ശോധനയ്ക്ക് വിധേയ മാക്കാറുണ്ടോ ? | (ഡി) | കേരള ജല അതോറിറ്റിയുടെ കുടിവെള്ള സംഭരണികൾ എല്ലാ വർഷവും പരിശോധനയ്ക്ക് വിധേയമാക്കുകയും ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ